**മഹാത്മാഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ജൂൺ 22

# വാർത്താക്കുറിപ്പ്

---

**സർട്ടിഫിക്കറ്റ് കോഴ്സ്**

മഹാത്മാഗാന്ധി സർവ്വകലാശാല ഇൻ്ററർ യൂണിവേഴ്സിറ്റി സെൻ്ററർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസിൻ്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ബേസിക് കൗൺസിലിംഗ് ആൻ്റ് സൈക്കോ തെറാപ്പിയിലുള്ള 10 ദിവസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് ജൂൺ 27 ന് ആരംഭിക്കും. കോഴ്സ് രജിസ്ട്രേഷൻ ഫീസ് 2500 രൂപയാണ്. കൂടുതൽ വിവരങ്ങൾ 0481 2731580, 9746085144,9074034419 എന്നീ ഫോൺ നമ്പറുകളിൽ ലഭിക്കും. താത്പര്യമുള്ളവർക്ക് iucdsmgu@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ പേര് രജിസ്റ്റർ ചെയ്യാം

( പി.ആർ.ഒ./39/769/2022)

**ക്യാറ്റ് പരീക്ഷാ ഫലം**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ പഠന വകുപ്പുകളും ഇൻറർ സ്കൂൾ സെൻററും നടത്തുന്ന വിവിധ പ്രോഗ്രാമുകളിൽ പ്രവേശനത്തിന് മെയ് 27, 29 തീയതികളിൽ നടത്തിയ പൊതു പ്രവേശന പരീക്ഷയുടെ ( സി.എ.റ്റി ) പരീക്ഷയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. www.cat.mgu.ac.in എന്ന വെബ് സൈറ്റിൽ ഫലം പരിശോധിക്കാം. സ്പോർട്സ്, കൾച്ചറൽ ക്വാട്ട റാങ്ക് ലിസ്റ്റുകൾ പിന്നീട്. സെലക്ഷൻ ലിസ്റ്റ് ജൂലൈ അഞ്ചിന് പ്രസിദ്ധീകരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ - 0481 2733595.
e-mail - cat@ mgu.ac.in

( പി.ആർ.ഒ./39/770/2022)

**പരീക്ഷാ ഫലം**

2021 നവംബറിൽ നടത്തിയ ബി. എ./ ബി.എസ് സി. സ്പെഷ്യൽ മേഴ്സി ചാൻസ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കുമുള്ള അപേക്ഷ യഥാക്രമം 370 രൂപ, 160 രൂപ നിരക്കിലുള്ള ഫീസ് സഹിതം ജൂലൈ ഏഴ് വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സ്വീകരിക്കും.

( പി.ആർ.ഒ./39/771/2022)

**പരീക്ഷ മാറ്റി**

ജൂലൈ ആറിന് നടത്താനിരുന്ന മൂന്നാം സെമസ്റ്റർ എം.ബി.എ. ( 2020 അഡ്മിഷൻ - റഗുലർ/ 2019 അഡ്മിഷൻ സപ്ലിമെൻ്ററി) 'ബിഗ് ഡാറ്റാ ആൻ്റ് ബിസ്സസ് അനലറ്റിക്സി'ൻ്റെ പരീക്ഷ ജൂലൈ എട്ടിലേക്ക് മാറ്റിയതായി പരീക്ഷ കൺട്രോളർ അറിയിച്ചു. സമയം - ഉച്ചതിരിഞ്ഞ് രണ്ട് മുതൽ വൈകിട്ട് അഞ്ച് വരെ. പരീക്ഷാ കേന്ദ്രങ്ങൾക്ക് മാറ്റമില്ല.

( പി.ആർ.ഒ./39/772/2022)

**പരീക്ഷ ജൂലൈ 8 മുതൽ**

രണ്ടാം സെമസ്റ്റർ ഐ.എം.സി.എ. (പുതിയ സ്കീം - 2020 അഡ്മിഷൻ - റഗുലർ, 2019, 2018, 2017 അഡ്മിഷനുകൾ - സപ്ലിമെൻററി പരീക്ഷകളും രണ്ടാം സെമസ്റ്റർ ഡി.ഡി.എം. സി. എ (2014 - 2016 അഡ്മിഷനുകൾ - സപ്ലിമെൻ്ററി) പരീക്ഷകൾ ജൂലൈ എട്ടിന് ആരംഭിക്കും. ഇതിലേക്കുള്ള അപേക്ഷകൾ പിഴയില്ലാതെ ജൂൺ 29 വരെയും 525 രൂപ പിഴയോടെ ജൂൺ 30 നും 1050 രൂപ സൂപ്പർ ഫൈനോടെ ജൂലൈ ഒന്നിനും സർവകലാശാല ഓഫീസിൽ സ്വീകരിക്കും.
വിശദമായ ടൈംടേബിൾ www.mgu.ac.in എന്ന വെബ് സൈറ്റിൽ

( പി.ആർ.ഒ./39/773/2022)

**കോഴ്സ് വർക്ക് പരീക്ഷ**
മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ് നടത്തുന്ന പിഎച്ച്.ഡി കോഴ്സ് വർക്ക് (2020 അഡ്മിഷൻ) പരീക്ഷ ജൂലൈ നാലിന് ആരംഭിക്കും. ടൈം ടേബിളും ഫീസ് സംബന്ധിച്ച വിശദാംശങ്ങളും സർവ്വകലാശാല വെബ് സൈറ്റിൽ. (www.mgu.ac.in)

( പി.ആർ.ഒ./39/774/2022)

**കെ.ഇ. കോളേജിൽ യോഗ ദിനാചാരണം**

മഹാത്മാഗാന്ധി സർവ്വകലാശാല നാഷണൽ സർവ്വീസ് സ്കീം വിഭാഗം, മാന്നാനം കെ.ഇ. കോളേജ് എൻ. എസ്. എസ് യൂണിറ്റ്, സ്പോർട്സ്, സൈക്കോളജി ഡിപ്പാർട്മെന്റുകൾ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച
അന്താരാഷ്ട്ര യോഗദിനാഘോഷ പരിപാടികൾ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു.
കെ.ഇ. കോളേജിൽ നടന്ന ചടങ്ങിൽ രണ്ടാമത് ദേശിയ യോഗസന ചാമ്പ്യൻഷിപ്പിന്റെ വിജയികൾക്കുള്ള സർട്ടിക്കറ്റുകളും വിതരണം ചെയ്തു. കെ ഇ കോളേജ് പ്രിൻസിപ്പൽ ഡോ. ഐസൺ വി വഞ്ചിപുരയ്ക്കൽ, എം ജി സർവ്വകലാശാല എൻ. എസ്. എസ് കോ - ഓർഡിനേറ്റർ ഡോ.വി എൻ ശിവദാസൻ, വൈസ് പ്രിൻസിപ്പൽ ഡോ. സേവിയർ സി എസ്, ഡോ. ജയ ലാൽമോഹൻ (ശാന്തിഗ്രാം വെൽനെസ്, അടിമാലി ), ഡോ. ബാബു സുന്ദർ (മുൻ പരീക്ഷാ കൺട്രോളർ, കുസാറ്റ് )ഡോ. ജോളിയമ്മ മാത്യു, ഡോ. ജോൺസൻ ജോസഫ്, ഫാ. ബിജു തെക്കേക്കുറ്റ് എന്നിവർ സംസാരിച്ചു. യോഗചര്യൻ ജോർജിന്റെ നേതൃത്വത്തിൽ കുട്ടികൾക്ക് യോഗാ പരിശീലനവും നൽകി.

മഹാത്മാഗാന്ധി സർവ്വകലാശാല ഡിപ്പാർട്ട്മെൻ്റ് ഓഫ് ലൈഫ് ലോങ്ങ് ലേണിംഗ് ആൻ്റ് എക്സ്റ്റൻഷൻ്റെ ആഭിമുഖ്യത്തിൽ ഓൺലൈനായി സംഘടിപ്പിച്ച അന്താരാഷ്ട്ര യോഗാദിനാചരണ പരിപാടി വകുപ്പ് മേധാവി പ്രൊഫ. ബിസ്മി ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.
യോഗിരാജ് ഡോ. ടോംസ് എബ്രഹാം, ഡോ. എസ്. സരിത് കുമാർ, ഡോ. ജോബി കെ .മാത്യു, അഡ്വ. ജി ശ്രീകുമാർ, ബിന്ദു കെ പാഴൂർ തുടങ്ങിയവർ സംസാരിച്ചു.




ഫോട്ടോ ക്യാപ്ഷൻ: മാന്നാനം കെ.ഇ. കോളേജിൽ നടന്ന അന്താരാഷ്ട്ര യോഗദിനാചരണ പരിപാടി മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു.

( പി.ആർ.ഒ./39/775/2022)

പി.സി. സുരേഷ് കുമാർ

പബ്ലിക് റിലേഷൻസ് ഓഫീസർ